# ജൂനിയർ ബേസ്ബോൾ ചാമ്പ്യൻഷിപ്പ് 4, 5

കോഴിക്കോട്: പത്തൊമ്പതാമത് ജില്ലാ ജൂനിയർ ബേസ്ബോൾ ചാമ്പ്യൻഷിപ്പ് ഫെബ്രുവരി 4,5 തിയ്യതികളിൽ എളേറ്റിൽ എം.ജെ.എച്ച്.എസ്.എസിൽ നടക്കും. സംസ്ഥാന ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കേണ്ട ജില്ലാ ടീമിനെ ഈ ചാമ്പ്യൻഷിപ്പിൽ നിന്നും തെരഞ്ഞെടുക്കും. ടീമുകൾ ഫെബ്രുവരി രണ്ടിനകം ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തീകരിക്കണം. വിവരങ്ങൾക്ക്: 9562848568,9400998568.



എളേറ്റിൽ എം.ജെ ഹയർ സെക്കന്ററി സ്കൂൾ ഗ്രൗണ്ടിൽ ആരംഭിച്ച ജില്ലാ ജൂനിയർ ബേസ്ബോൾ ചാമ്പ്യൻഷിപ്പ് കെ.കെ. എ ജബ്ബാർ മാസ്റ്റർ ഉദ്ഘാടനം ചെയ്യുന്നു.

Mathrubhumi
മാതൃഭൂമി

# ജില്ലാ ജൂനിയർ ബേസ്ബോൾ ചാമ്പ്യൻഷിപ്പ് തുടങ്ങി



എളേറ്റിൽ എം.ജെ. ഹയർസെക്കൻഡറി സ്കൂൾ ഗ്രൗണ്ടിൽ ആരംഭിച്ച ജില്ലാ ജൂനിയർ ബേസ്ബോൾ ചാമ്പ്യൻഷിപ്പ് കെ.കെ.എ. ജബ്ബാർ ഉദ്ഘാടനം ചെയ്യുന്നു

**കൊടുവള്ളി▸** ജില്ലാ ബേസ്ബോൾ അസോസിയേഷന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ജില്ലാ ജൂനിയർ ബേസ്ബോൾ ചാമ്പ്യൻഷിപ്പ് എളേറ്റിൽ എം.ജെ. ഹയർസെക്കൻഡറി സ്കൂൾ ഗ്രൗണ്ടിൽ ആരംഭിച്ചു.

ആൺകുട്ടികളുടെ വിഭാഗത്തിൽ യു.എച്ച്.എസ്.എസ്. ചാലിയം, എം.ജെ.എച്ച്.എസ്.എസ്. എളേറ്റിൽ, ഹസനിയ എ.യു.പി.എസ്. മുട്ടാഞ്ചേരി, നയൻ സ്ട്രൈക്കേഴ്സ് എന്നീ ടീമുകളും പെൺകുട്ടികളിൽ എം.ജെ.എച്ച്.എസ്.എസ്. എളേറ്റിൽ, സെയ്ന്റ് ആന്റണീസ് ഗേൾസ് എച്ച്.എസ്.എസ്. വടകര, ഹൈടെക് പബ്ലിക് സ്കൂൾ കല്ലാച്ചി, ഡയമണ്ട് ഫീൽഡേഴ്സ് മലബാർ എന്നീ ടീമുകളും സെമിഫൈനലിലെത്തി.

കിഴക്കോത്ത് ഗ്രാമപ്പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ കെ.കെ.എ. ജബ്ബാർ ഉദ്ഘാടനം ചെയ്തു. എം.എസ്. മുഹമ്മദ് അധ്യക്ഷനായി.

പി.ടി. അബ്ദുൽ അസീസ്, എം.പി. മുഹമ്മദ് ഇസ്ഹാഖ്, കെ. അബ്ദുൽ മുജീബ്, പി.കെ. സിറാജ്, ഫസീൽ അസ്ഹർ, അമ്പിളി രാഘവൻ, ഷബീർ ചുഴലിക്കര, എ.കെ. രജിഷ, ജസീം ബാസിൽ, ജില്ലാ ബേസ്ബോൾ അസോസിയേഷൻ സെക്രട്ടറി അനീസ് മടവൂർ, ജില്ലാ സ്പോർട്സ് കൗൺസിൽ അംഗം പി. ഷഫീഖ് എന്നിവർ സംസാരിച്ചു. ദേശീയ കിരീടം നേടിയ കേരള ജൂനിയർ ടീം അംഗങ്ങളായ പി. ഹരിനന്ദന, ഡി. കൃഷ്ണനന്ദ എന്നിവരെ ആദരിച്ചു.

# ജില്ലാ ജൂനിയർ ബേസ്ബോൾ: ഡയമണ്ട് ഫീൽഡേഴ്സ് മലബാർ ജേതാക്കൾ



ജില്ലാ ജൂനിയർ ബേസ്ബോൾ ചാമ്പ്യൻഷിപ്പിൽ പെൺകുട്ടികളുടെ വിഭാഗത്തിൽ ജേതാക്കളായ വടകര ഡയമണ്ട് ഫീൽഡേഴ്സ് മലബാർ ക്ലബിന് സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗം പി.ടി അഗസ്റ്റിൻ ട്രോഫി സമ്മാനിക്കുന്നു

കോഴിക്കോട്: എളേറ്റിൽ എം.ജെ ഹൈസ്കൂൾ ഗ്രൗണ്ടിൽ വെച്ച് നടന്ന പത്തൊമ്പതാമത് ജില്ലാ ജൂനിയർ ബേസ്ബോൾ ചാമ്പ്യൻഷിപ്പിൽ പെൺകുട്ടികളുടെ വിഭാഗത്തിൽ എം.ജെ.എച്ച്.എസ്.എസ് എളേറ്റിലിനെ പരാജയപ്പെടുത്തി ഡയമണ്ട് ഫീൽഡേഴ്സ് മലബാർ ജേതാക്കളായി.ആൺ കുട്ടികളുടെ വിഭാഗത്തിൽ യു.എച്ച്.എസ്.എസ് ചാലിയവും പെൺകുട്ടികളുടെ വിഭാഗത്തിൽ വടകര സെന്റ് ആന്റണീസ് ജി.എച്ച്.എസ്.എസും മൂന്നാം സ്ഥാനം കരസ്ഥമാക്കി. ആൺകുട്ടികളുടെ വിഭാഗം ഫൈനലിൽ എളേറ്റിൽ എം.ജെ. ഹയർ സെക്കന്ററി സ്കൂളും നയൻ സ്ട്രൈക്കേഴ്സ് ക്ലബും മത്സരിക്കും.

സമാപന ചടങ്ങിൽ സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗം പി.ടി അഗസ്റ്റിൻ ട്രോഫിയും മെഡലുകളും വിതരണം ചെയ്തു. ജില്ലാ സ്പോർട്സ് കൗൺസിൽ അംഗം പി. ഷഫീഖ് അദ്ധ്യക്ഷത വഹിച്ചു. ജില്ലാ ബേസ്ബോൾ അസോസിയേഷൻ സെക്രട്ടറി അനീസ് മടവൂർ, പി.ടി അബ്ദുൽ അസീസ്,കെ.അബ്ദുൽ മുജീബ്, വിപിൽ വി ഗോപാൽ, ജസീം ബാസിൽ, ടി.യു ആദർശ്, രാഹുൽ പാലക്കാട്, എം. ഉനൈസ്, അക്ഷയ് രവീന്ദ്രൻ, ഹംറാസ് സംബന്ധിച്ചു.

## ജില്ലാ ജൂനിയർ ബേസ്ബോൾ ചാമ്പ്യൻഷിപ്പ്

# ഡയമണ്ട് ഫീൽഡേഴ്സ് മലബാർ ജേതാക്കൾ



ജില്ലാ ജൂനിയർ ബേസ്ബോൾ ചാമ്പ്യൻഷിപ്പിൽ പെൺകുട്ടികളുടെ വിഭാഗത്തിൽ ജേതാക്കളായ വടകര ഡയമണ്ട് ഫീൽഡേഴ്സ് മലബാർ ക്ലബ്ബിന് സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗം പി.ടി. അഗസ്റ്റിൻ ട്രോഫി സമ്മാനിക്കുന്നു

**എളേറ്റിൽ ▸** എം.ജെ. ഹൈസ്കൂൾ ഗ്രൗണ്ടിൽ നടന്ന പത്തൊമ്പതാമത് ജില്ലാ ജൂനിയർ ബേസ്ബോൾ ചാമ്പ്യൻഷിപ്പിൽ പെൺകുട്ടികളുടെ വിഭാഗത്തിൽ ഡയമണ്ട് ഫീൽഡേഴ്സ് മലബാർ ജേതാക്കളായി. എളേറ്റിൽ എം.ജെ.എച്ച്.എസ്.എസിനെയാണ് പരാജയപ്പെടുത്തിയത്. ആൺകുട്ടികളുടെ വിഭാഗത്തിൽ ചാലിയം യു.എച്ച്.എസ്.എസും പെൺകുട്ടികളിൽ വടകര സെയ്ന്റ് ആന്റണീസ് ജി.എച്ച്.എസ്.എസും മൂന്നാം സ്ഥാനം കരസ്ഥമാക്കി. ആൺകുട്ടികളുടെ ഫൈനലിൽ എളേറ്റിൽ എം.ജെ. ഹയർസെക്കൻഡറി സ്കൂളും നയൻസ് സ്ട്രൈക്കേഴ്സ് ക്ലബ്ബും മത്സരിക്കും.

സമാപനച്ചടങ്ങിൽ സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗം പി.ടി. അഗസ്റ്റിൻ ട്രോഫിയും മെഡലുകളും വിതരണംചെയ്തു. ജില്ലാ സ്പോർട്സ് കൗൺസിൽ അംഗം പി. ഷഫീഖ് അധ്യക്ഷനായി. ചടങ്ങിൽ ജില്ലാ ബേസ്ബോൾ അസോസിയേഷൻ സെക്രട്ടറി അനീസ് മടവൂർ, പി.ടി. അബ്ദുൽ അസീസ്, കെ. അബ്ദുൽ മുജീബ്, വിപിൽ വി. ഗോപാൽ, ജസീം ബാസിൽ, ടി.യു. ആദർശ്, രാഹുൽ പാലക്കാട്, എം. ഉനൈസ്, അക്ഷയ് രവീന്ദ്രൻ, ഹംറാസ് തുടങ്ങിയവർ സംബന്ധിച്ചു.